(സി) വിവിധ സേവനങ്ങൾക്ക് ഈടാക്കേണ്ട ഫീസ് നിരക്കുകളുടെ ചാർട്ട് എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നൽകിയിട്ടുണ്ട്. എന്നാൽ ചില സേവനങ്ങളുടെ സർവ്വീസ് ചാർജ്ജിൽ ഭേദഗതി വന്നിട്ടുള്ളതിനാൽ പുതുതായി അച്ചടിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളിൽ ഇ-ഡിസ്ട്രിക്ട് സേവനങ്ങൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കാനും നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാവിധ സേവനങ്ങൾക്കും ഈടാക്കുന്ന ഫീസ് പ്രദർശിപ്പിക്കുവാൻ എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹാംലെറ്റ് പദ്ധതി

190(2179) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹാംലെറ്റ് പദ്ധതിയുടെ കീഴിൽ എത്ര കോളനികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ;

(സി) ഈ കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) നിലവിലുള്ള നിർമ്മാണ പുരോഗതി എത്രവരെയായെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളും, 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളും തെരഞ്ഞെടുത്ത് ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2013-14 വർഷം കപ്പള്ളി, മയിലാംകോട്ട എന്നീ 2 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 വർഷം ചുള്ളി കോളനി, അരിങ്കല്ല് കോളനി കൂടാതെ കണ്ടങ്കോറടുക്ക, മാവിനക്കട്ട, പെൽത്തട്ടുക്ക എന്നീ കോളനികൾചേർന്ന ഒരു ക്ലസ്റ്റർ ഉൾപ്പെടെ 3 സങ്കേതങ്ങളിലും ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) പ്രവൃത്തികൾ 30-9-2015-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പുരോഗതി വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly